**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823** **31-08-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ പഴയങ്ങാടി പയ്യന്നൂർ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്നതിനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ പഴയങ്ങാടി പയ്യന്നൂർ കെ.എസ്.റ്റി.പി. റോഡ് വഴി കെ.എസ്.ആർ.ടി.സി. കൂടുതൽ സർവീസ് നടത്തണമെന്നും പയ്യന്നൂരിൽ നിന്ന് രാവിലെ കണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്കുള്ള ബസും, ജനശതാബ്ദി ട്രെയിനിലെ യാത്രക്കാർക്ക് ഉപകാരപ്രദമാവും വിധം കണ്ണൂർ റെയിൽവേ സ്റ്റേഷനിൽനിന്ന് രാത്രി 11.30 ന് പഴയങ്ങാടി വഴി കാഞ്ഞങ്ങാട് വരെ സർവീസ് നടത്തിയിരുന്ന ബസും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കല്ല്യാശ്ശേരി എം.എൽ.എ ഗതാഗത വകുപ്പ്മന്ത്രിക്ക് നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | (എ) | **കണ്ണൂർ - പഴയങ്ങാടി റൂട്ടിൽ കണ്ണൂർ ഡിപ്പോയിൽ നിന്നും 5 ബസ്സുകളുപയോഗിച്ച് സർവ്വീസുകൾ ഉണ്ടായിരുന്നു എങ്കിലും ടി റൂട്ടിൽ അഞ്ച് പത്ത് മിനിട്ട് ഇടവിട്ട് സ്വകാര്യ ബസ് സർവ്വീസുകൾ നടത്തുന്നതിനാലും യാത്രാക്ലേശം ഇല്ലാത്തതിനാലും കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത് ലാഭകരമല്ലാത്തതിനാലും നിർത്തുകയാണുണ്ടായത്. പയ്യന്നൂർ യൂണിറ്റിൽ നിന്നും രാവിലെ 05.00 മണിയ്ക്ക് ഉണ്ടായിരുന്ന കണ്ണൂർ റെയിൽവേ സ്റ്റേഷൻ സർവ്വീസ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ തുടർന്നും ഓപ്പറേറ്റ് ചെയ്യുവാൻ നിലവിലെ കെ.എസ്.ആർ.ടി.സി.യുടെ മോശം സാമ്പത്തിക സാഹചര്യത്തിൽ കഴിയുന്നില്ല. 11.30-ന് പഴയങ്ങാടി വഴി കാഞ്ഞങ്ങാട് വരെ പോയിരുന്ന സർവ്വീസ്, ജീവനക്കാരെ പുനക്രമീകരിച്ച് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ